LIBRARY ARCHIVES Kerala Legislative Assembly

വകുപ്പിന്റെ എറണാകുളം മേഖലയിൽ വേഗ-2 മോഡൽ സർവ്വീസ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരത്തിലുള്ള സർവ്വീസുകൾ കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള പഠനങ്ങൾ നടന്നുവരുന്നു.

(സി) വാട്ടർ ടാക്സി, വാട്ടർ ആംബുലൻസ് എന്നിവ കൂടുതൽ കേന്ദ്രങ്ങളിലേയ്ക്ക് എത്തിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; വിശദമാക്കാമോ?

വാട്ടർ ടാക്സി, വാട്ടർ ആംബുലൻസ് എന്നിവ കൂടുതൽ മേഖലകളിലേയ്ക്ക് ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ച് പഠനങ്ങൾ നടന്നുവരുന്നു. പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണ്.

ദ്രവീകൃതപ്രകൃതി വാതകം/സൗരോർജ്ജം ഉപയോഗിച്ചുള്ള യാത്ര ബോട്ടുകൾ

267 (4655) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദ്രവീകൃതപ്രകൃതി വാതകം പ്രയോജനപ്പെടുത്തി കുറഞ്ഞ ചെലവിൽ യാത്ര ബോട്ടുകൾ സർവ്വീസ് നടത്തുവാൻ ജലഗതാഗത വകുപ്പ് സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

ദ്രവീകൃതപ്രകൃതി വാതകം പ്രയോജനപ്പെടുത്തി യാത്രാ ബോട്ട് സർവ്വീസുകൾ ആരംഭിക്കുന്നതിനായി വകുപ്പിന്റെ ഡീസൽ എൻജിൻ ബോട്ടുകൾ കൺവേർഷൻ കിറ്റുകൾ ഉപയോഗിച്ച് സി.എൻ.ജി. ആക്കി മാറ്റുന്നതിനും, സി.എൻ.ജി. ബോട്ടുകളിൽ നിറയ്ക്കുന്നതിനാവശ്യമായ ഡിസ്പെൻസിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുമായി IOAGPL-മായി ചേർന്നുകൊണ്ട് ബോട്ടുജെട്ടികൾ പരിശോധിക്കുകയും ഡിസ്പെൻസിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ സഹിതം നിലവിലുള്ള ബോട്ട് ജെട്ടിയിൽനിന്നും 6 മീറ്റർ മാറി പുതിയ ജെട്ടി നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് ഇറിഗേഷൻ വകുപ്പ് മുഖാന്തരം ലഭ്യമാക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇതിന്റെ ഭാഗമായി എറണാകുളം ജില്ലയിലുൾപ്പെടെ എത്ര സർവ്വീസുകൾ ആരംഭിക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ; ദ്രവീകൃത പ്രകൃതി വാതകം നിറയ്ക്കാൻ എറണാകുളം ബോട്ട് ജെട്ടിയോട് ചേർന്ന് നിർമ്മിക്കാനുദ്ദേശിക്കുന്ന ഡിസ്പെൻസിംഗ് യൂണിറ്റിന്റെ പ്രവർത്തനങ്ങൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

IOAGPL-മായി സഹകരിച്ചുകൊണ്ട് പരീക്ഷണാടിസ്ഥാനത്തിൽ ഒരു ഡീസൽ എൻജിൻ ബോട്ട് കൺവേർഷൻകിറ്റ് ഉപയോഗിച്ച് സി.എൻ.ജി.-യിലേയ്ക്ക് മാറ്റിയതിനുശേഷം സ്ഥിതിഗതികൾ വിലയിരുത്തി മറ്റ് ബോട്ടുകൾ സി.എൻ.ജി.-യിലേയ്ക്ക് മാറ്റുന്ന കാര്യം പരിശോധിക്കുന്നതാണ്. എറണാകുളം ബോട്ട് ജെട്ടിയോട് ചേർന്ന്

സി.എൻ.ജി. ഡിസ്പെൻസിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനായുള്ള എസ്റ്റിമേറ്റ് ഇറിഗേഷൻ വകുപ്പിൽനിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സൗരോർജ്ജ ബോട്ടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നിലവിൽ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കുമോ?

വകുപ്പ് നിർമ്മിച്ച ആദ്യത്തെ സോളാർ ബോട്ടായ ആദിത്യ 2017 മുതൽ വിജയകരമായി സർവ്വീസ് നടത്തിവരുന്നു. വകുപ്പ് സപ്ലൈ ഓർഡർ നൽകിയിട്ടുള്ള രണ്ട് 75 പാക്സ് സോളാർ ബോട്ടുകളിൽ ആകെയുള്ള 9 ഘട്ടങ്ങളിൽ ഒരു ബോട്ടിന്റെ അഞ്ചാം ഘട്ടവും രണ്ടാമത്തെ ബോട്ടിന്റെ മൂന്നാം ഘട്ടവും പൂർത്തിയായിട്ടുണ്ട്. വകുപ്പ് നിർമ്മിക്കുന്ന 100 പാക്സ് സോളാർ ക്രൂയിസ് ബോട്ടിന്റെ നിർമ്മാണം ആകെയുള്ള 9 ഘട്ടങ്ങളിൽ അഞ്ചാം ഘട്ടം പൂർത്തിയായിട്ടുണ്ട്. നിലവിൽ 4 ഘട്ടങ്ങൾകൂടി പൂർത്തിയാകേണ്ടതുണ്ട്. വകുപ്പ് സപ്ലൈ ഓർഡർ നൽകിയിട്ടുള്ള മൂന്ന് 75 പാക്സ് സോളാർ ബോട്ടുകളിൽ ആകെയുള്ള 10 ഘട്ടങ്ങളിൽ ആദ്യത്തെ രണ്ടുബോട്ടുകളുടെ അഞ്ചാം ഘട്ടവും മൂന്നാമത്തെ ബോട്ടിന്റെ നാലാം ഘട്ടവും പൂർത്തിയായിട്ടുണ്ട്.

അഴീക്കൽ-മാട്ടൂൽ പ്രദേശങ്ങളെ ബന്ധിപ്പിക്കുന്നതിന് ജങ്കാർ സർവ്വീസ്

268 (4656) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലഗതാഗതത്തിനായി നിലവിലെത്ര ജങ്കാറുകൾ ഉപയോഗിച്ചുവരുന്നു എന്നറിയിക്കാമോ?

സംസ്ഥാന ജലഗതാഗത വകുപ്പ് നിലവിൽ ജങ്കാർ സർവ്വീസ് നടത്തുന്നില്ല.

(ബി) അഴീക്കൽ-മാട്ടൂൽ പ്രദേശങ്ങളിലേക്ക് റോഡ് മാർഗ്ഗമുള്ള യാത്ര വളരെ ദൂരമേറിയതിനാൽ പ്രസ്തുത പ്രദേശങ്ങളിലേക്ക് യാത്ര സുഗമമാക്കുന്നതിന് ജങ്കാർ സർവ്വീസ് അനുവദിക്കുമോ?

അഴീക്കൽ-മാട്ടൂൽ ഭാഗം അഴിമുഖം ആയതിനാൽ ടി മേഖലയിൽ ജങ്കാറുകൾ ജലഗതാഗതത്തിന് പര്യാപ്തമാണോയെന്ന് പഠനം നടത്തി ആയതിൽ തുടർ നടപടികൾ സ്വീകരിക്കും.

(സി) ജങ്കാർ സർവ്വീസ് അനുവദിക്കുന്നതിന് പ്രത്യേക മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഗതാഗത വകുപ്പിൽ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടില്ല. ജങ്കാർ സർവ്വീസ് അനുവദിക്കുന്നതിന് ബന്ധപ്പെട്ട പ്രദേശങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ വിലയിരുത്തേണ്ടതും, സാങ്കേതികവും സാമ്പത്തികവുമായ പഠനങ്ങൾ ആവശ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly